# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 16

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും  ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

കോവിഡ് മഹാമാരി രണ്ടാം തരംഗത്തിൽ, ലോകമെമ്പാടും പ്രത്യേകിച്ച് ഭാരത ത്തിൽ അതിരൂക്ഷമായി വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതു നിമിത്തം പല സംസ്ഥാനങ്ങളിലും ലോക്ഡൗൺ ഔദ്യോഗികമായി പ്രഖ്യാപിച്ചുകഴിഞ്ഞു. കേരളം ഉൾപ്പെടെ മറ്റു സംസ്ഥാനങ്ങളിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലായെങ്കിലും ലോക്ഡൗണിനു സമാനമായ സ്ഥിതി സംജാതമായിരിക്കുന്നു. ദിനംപ്രതി രോഗികളുടെ എണ്ണം വർദ്ധിക്കുകയും മരണ നിരക്ക് ഉയരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ നാം ഓരോരുത്തരും താഴെപ്പറയുന്ന കാര്യങ്ങൾ ഗൗരവത്തോടെ ശ്രദ്ധിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

1. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ വ്യക്തികളായും ആരാധന സമൂഹമായും കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

2. രോഗവ്യാപനം കുറയുന്നതുവരെ ആരാധനാലയങ്ങളിൽ ഞായറാഴ്ച ആരാധനകൾ ഏറ്റവും പരിമിതമായ അംഗസംഖ്യയിൽ മാത്രം നടത്തേണ്ടതാണ്. കണ്ടെയിൻമെന്റ് സോണുകളിൽ ഞായറാഴ്ച ആരാധനയ്ക്ക് ദൈവാലയങ്ങൾ തുറക്കുവാൻ പാടില്ല.

3. ശവസംസ്ക്കാരം, മുമ്പ് തീയതി നിശ്ചയിച്ചിട്ടുള്ള വിവാഹങ്ങൾ എന്നീ ശുശ്രൂഷകൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചു മാത്രം നടത്തേണ്ടതാണ്.

4. കേരളത്തിനു വെളിയിലുള്ള പല സംസ്ഥാനങ്ങളിലും ക്രമാതീതമായി രോഗികളുടെ സംഖ്യ ഉയരുന്നതിനാൽ ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നതിനും മരണനിരക്ക് വർദ്ധിക്കുന്നതിനാൽ ശവസംസ്ക്കാരം നടത്തുന്നതിനും കുടുംബാംഗങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ചിലയിടങ്ങളിൽ ഒരു കുടുംബത്തിലെ എല്ലാ ആളുകളും രോഗബാധിതരായിത്തീരുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അതതു പ്രദേശത്തെ നമ്മുടെ ഭദ്രാസനങ്ങളും ഇടവകകളും യുവജനസഖ്യം ഉൾപ്പെടെയുള്ള സംഘടനകളും ആവശ്യങ്ങൾ അറിഞ്ഞു സഹായം എത്തിക്കുന്നതും രോഗബാധിതരുടെ കുടുംബാംഗങ്ങൾക്ക് ഭക്ഷണവും വൈദ്യസഹായവും എത്തിക്കുന്നതും അഭികാമ്യമാണ്.

5. ഈ മഹാമാരിമൂലം വേദനയിലൂടെ കടന്നുപോകുന്ന ആളുകളുടെ രോഗ വിമുക്തിക്ക് വികാരിയുടെ നേതൃത്വത്തിലും ഇടവക മിഷൻ അംഗങ്ങളുടെ സഹകരണത്തിലും എല്ലാ ദിവസവും സന്ധ്യയിൽ ഒരു സമയം ക്രമീകരിച്ച് ഓൺലൈനിലൂടെ പ്രാർത്ഥന നടത്തേണ്ടതാണ്.

6. ഈ മഹാവ്യാധിയുടെ അനന്തരഫലമായി ദു:ഖത്തിലും വേദനയിലുമായിരിക്കുന്നവരെ സാദ്ധ്യമെങ്കിൽ നേരിട്ടോ അല്ല എങ്കിൽ ഫോണിലൂടെയോ വികാരിമാർ ബന്ധപ്പെട്ട് ആശ്വസിപ്പിക്കുന്നത് ഈ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്.

7. ഈ മഹാവ്യാധി മൂലം ജോലി നഷ്ടപ്പെട്ടും മറ്റും സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന വരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണല്ലോ. ആയതിനാൽ ഇങ്ങനെ യുള്ള ആളുകളെ കണ്ടെത്തി ഇടവക / ഭദ്രാസന തലത്തിൽ വേണ്ടതായ സാമ്പത്തിക സഹായം ചെയ്യേണ്ടതാണ്.

8. കോവിഡ് മൂലം നിര്യാതരാകുന്ന സഭാംഗങ്ങളുടെ ശവസംസ്ക്കാരം അതത് ഇടങ്ങ ളിലെ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചും ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാ രവും നടത്തുന്നതിന് അനുവദിച്ചിരിക്കുന്നു. മൃതദേഹം ദഹിപ്പിക്കുന്നത് ആവശ്യമായി വരുന്നയിടങ്ങളിൽ സെമിത്തേരികളിൽ വച്ച് അതു നിർവ്വഹിക്കുന്നതിനും തുടർന്ന് ഭൗതീകാവശിഷ്ടം കല്ലറയിൽ അടക്കം ചെയ്യുന്നതിനും അനുവദിക്കുന്നു.

പ്രിയരെ, ഈ മഹാവിപത്തിൽ നിന്നും മാനവ സമൂഹം മോചിതരാകുന്നതിനു വേണ്ടി സൗഖ്യദായകനായ കർത്താവിനോടു നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം.

*" ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു." (സങ്കീർത്തനം 46:1).*

ദൈവീക സാന്നിദ്ധ്യം അനുഭവിച്ച് പ്രതിസന്ധികളെ അതിജീവിക്കുന്നതിന് പരിശുദ്ധാത്മാവി നാൽ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

*കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ*

*എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ഏപ്രിൽ 29-ാം തീയതി*

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN
# DR. THEODOSIUS MAR THOMA

Circular No.16

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

**Dearly Beloved in Christ,**

We are witnessing a rapid escalation of the Covid -19 pandemic cases throughout the world. As the situation is quite grave in India, many states have declared unofficial lockdown. The covid-19 situation remains severe in India with a rapid increase in death rate and new infections. In the wake of such a dire situation, I exhort all of you to follow the guidelines and recommendations given below:

1. As individuals and as a Church community let us strictly follow the guide lines given by the Government and the health professionals.
2. The Churches should conduct the Sunday worships according to the protocol of minimum restricted numbers. The Churches in Containment zones should not be opened for Sunday services.
3. Funerals and pre arranged weddings should be conducted as per the strict government protocol.
4. As the Corona virus pandemic has devastated the States outside Kerala there is a significant shortage of proper health care facilities and the crematoriums have run out of space. The affected family members experience great misery, isolation and difficulty and the entire members of the family are affected in certain cases .It would be feasible if the Yuvajana Sakhyam and other voluntary associations of our parishes and Dioceses render timely assistance and provide food and medical assistance to the affected families.
5. To give solace and comfort to the affected persons, special online prayers can be conducted in the evening under the leadership of the Parish priest along with the support of the Edavaka Mission members.
6. It is of utmost necessity that the Clergy should offer their solidarity and comfort to the sick, lonely, isolated and suffering people in person or through phone.
7. It is our responsibility to help those who have lost jobs and who are in financial constraints due to this pandemic. Special efforts should be taken to locate the needy and recovery measures and financial assistance should be provided at the parish / Diocesan levels.
8. Permission is granted to the parishes to conduct the funeral of the deceased according to the government protocol and the guidelines of the health professionals. In situations where it is necessary bodies can be cremated in the church cemeteries and the ashes buried in the tombs.

Dearly Beloved, let us earnestly pray to our Great Healer Lord Jesus Christ for protection and healing from this pandemic. “God is our refuge and strength, a very present help in trouble” (Psalm 46:1).

Let the empowering presence of the Almighty God and the fellowship of the Holy Spirit strengthens us to overcome this difficult situation.

May the Grace of the Lord Jesus Christ be with you all.

Dated 29th April 2021 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**